**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഐ.എ.വൈ ഭവന പദ്ധതി അക്കൗണ്ടിൽ പലിശയിനത്തിൽ ലഭ്യമായ 86,31,818/- രൂപ ലൈഫ് മിഷൻ ഭവന പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.2053/2020/LSGD തീയതി,തിരുവനന്തപുരം, 02/11/2020

---

പരാമർശം:- 1 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 01/01/2020-ലെ സാധാരണ യോഗത്തിലെ 1(2)-ാം നമ്പർ തീരുമാനം.

2 പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ.

**ഉത്തരവ്**

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഐ . എ . വൈ ഭവന പദ്ധതി അക്കൗണ്ടിൽ പലിശയിനത്തിൽ 86,31,818/- രൂപ അവശേഷിക്കുന്നുണ്ടെന്നും ലൈഫ് മിഷൻ ഭവന പദ്ധതി മൂന്നാംഘട്ടത്തിന്റെ ലക്ഷ്യം ഭൂരഹിത ഭവന രഹിതർക്ക് ഭവന സമുച്ചയം നിർമ്മിച്ച് നൽകുക എന്നതാണെന്നും ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലുള്ള ഭൂരഹിത ഭവന രഹിതരായ ഗുണഭോക്താക്കളെ സഹായിക്കുക എന്ന ലക്ഷ്യത്തിനായി ബ്ലോക്ക് പഞ്ചായത്തിലെ ഐ.എ.വൈ അക്കൗണ്ടിലുള്ള പലിശയിനത്തിൽ അവശേഷിക്കുന്ന പ്രസ്തുത തുക സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിക്കുന്നതിന് വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം(2) പ്രകാരം പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഐ . എ . വൈ ഭവന പദ്ധതി അക്കൗണ്ടിൽ പലിശയിനത്തിൽ ലഭ്യമായ 86,31,818/- (എൺപത്തിയാറ് ലക്ഷത്തി മുപ്പത്തിഒന്നായിരത്തി എണ്ണൂറ്റി പതിനെട്ട്)രൂപ ലൈഫ് മിഷൻ ഭവന പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത് സംബന്ധിച്ച എല്ലാ സർക്കാർ മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ.

പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി/ പ്രസിഡന്റ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) കേരളം തിരുവനന്തപുരം(ഇതിന് ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ട്)

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്)കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്(2.7.2020-ലെ ധെവ-2/119/2020-ഫിൻ പ്രകാരം).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by REENAMMA P A
Date: 2020.11.02 12:05:25 IST
Reason: Approved

സെക്ഷൻ ഓഫീസർ